പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 102 — 25.04.2017 ൽ മറുപടിക്ക്

## കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിന് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായി ഇതിനോടകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (എ) നോഡൽ ഏജൻസിയായ കിൻഫ്ര മുഖാന്തിരം 710.8072 ഹെക്ടറും ഗവൺമെന്റ് നേരിട്ട് 77.8057 ഹെക്ടറും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി നേരിട്ട് 4.2590 ഹെക്ടറും ഉൾപ്പെടെ 792.8719 ഹെക്ടർ ഭൂമി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനായി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിനും ഭാവി വികസന പദ്ധതികൾക്കുമായി ഇനിയും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ; | (ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് വേണ്ടി 1012.1457 ഹെക്ടറിൽ (2500 ഏക്കർ) ഭൂമി ഏറ്റെടുത്ത് നൽകണമെന്നാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത് ആയതിൽ 792.8719 ഹെക്ടർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി 219.2738 ഹെക്ടർ ഭൂമി ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (സി) അതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതായ ഭൂമി ഏതെല്ലാമാണെന്ന | (സി) അലൈൻമെന്റിൽ ഉൾപ്പെടാവുന്ന ഏകദേശം 165.0797 ഹെക്ടർ ഭൂമി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി കണ്ടെത്തിയിട്ടുണ്ട്. |

കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഭൂമിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി)

| | |
|---|---|
| ഡ്രൈയ്നേജിനുവേണ്ടി - മട്ടന്നൂർ മുൻസിപ്പാലിറ്റിയിലും കീഴല്ലൂർ ഗ്രാമപഞ്ചായത്തിലുമായി | 7.28 ഹെക്ടർ |
| കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിനുവേണ്ടി - പഴശ്ശി വില്ലേജ് മട്ടന്നൂർ ദേശം | 4.8765 ഹെക്ടർ. |
| 3050 മീറ്ററിൽ നിന്നും 3400 മീറ്ററിലേക്ക് റൺവേ ദീർഘിപ്പിക്കുന്നതിന് - കീഴല്ലൂർ വില്ലേജ് കാനാട് & കീഴല്ലൂർ ദേശം, പഴശ്ശി വില്ലേജ് മട്ടന്നൂർ ദേശം | 30.56 ഹെക്ടർ (75.5 ഏക്കർ) |
| എമർജൻസി റോഡിനുവേണ്ടി - കീഴല്ലൂർ വില്ലേജ് | 0.2514 ഹെക്ടർ. |
| 3400 ൽ നിന്നും 4000 മീറ്ററിലേക്ക് റൺവേ ദീർഘിപ്പിക്കുന്നതിന് പെഗ്മാർക്കിംഗ് നടന്നിട്ടില്ല | |

(ഇ) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

(ഇ) ഡ്രൈയിനേജ് ആവശ്യാർത്ഥം ആദ്യ 5 തോടുകളുടെ നിർമ്മാണത്തിനുള്ള 0.8068 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്.എൽ.ഇ.സി അംഗീകാരം ലഭിക്കുകയും പ്രതിഫലത്തുക അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. രജിസ്ട്രേഷൻ നടപടി നിയമോപദേശം ലഭ്യമാവുന്ന ക്രമത്തിൽ ആരംഭിക്കുന്നതാണ്. ഡ്രൈയിനേജ് ആവശ്യാർത്ഥം രണ്ടാം ഘട്ടത്തിൽ 6 തോടുകളുടെ നിർമ്മാണത്തിനുള്ള 1.5012 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉഭയകക്ഷി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി നിൽക്കുന്ന 5 തോടുകളുടെ റിക്വസിഷൻ ലഭിക്കുകയും ഫോറം 4 വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കാറ്റഗറി 1 ലൈറ്റിംഗ് ആവശ്യാർത്ഥം മാനേജിംഗ്

ഡയറക്ടർ കിൻഫ്ര സമർപ്പിച്ച റിക്വസിഷൻ അനുസരിച്ച് എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള ഫോറം 4 പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി നിൽക്കുന്ന ഭൂമിക്കുവേണ്ടിയുള്ള റിക്വിസിഷൻ നോഡൽ ഏജൻസിയായ കിൻഫ്രയിൽ നിന്നും ലഭ്യമാകുന്ന ക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

SR

സെക്ഷൻ ഓഫീസർ